# കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ എം.ജെ അക്ബറിന്റെ റിപ്പബ്ലിക് ഓഫ് മാലദ്വീപ് സന്ദർശനം

ഫെബ്രുവരി 22, 2017

കേന്ദ്ര വിദേശ കാര്യ സഹമന്ത്രി ശ്രീ എം.ജെ അക്ബർ മാലദ്വീപ് സന്ദർശിച്ചു. ഫെബ്രുവരി 2--22, 2017 ൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ പ്രത്യേക ദൂതനായാണ് അദ്ദേഹം പോയത്. സന്ദർശനത്തോട് അനുബന്ധിച്ച്, ശ്രീ അക്ബർ റിപ്പബ്ലിക് ഓഫ് മാലദ്വീപ് പ്രസിഡണ്ട് ഹിസ് എക്സലൻസി ശ്രീ അബ്ദുല്ല യാമീൻ അബ്ദുൾ ഗയൂമുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി, അതിനു പുറമെ വിദേശകാര്യ മന്ത്രി ഡോ. മൊഹമ്മദ് അസിമുമായി പ്രത്യേകം ചർച്ച നടത്തുകയും ചെയ്തു , ഇദ്ദേഹം ശ്രീ എം.ജെ അക്ബറിനോടുള്ള ആദരസൂചകമായി ഒരു ഔദ്യോഗിക ഉച്ചയൂണ് സൽക്കാരവും ഒരുക്കിയിരുന്നു

ഇന്ത്യയും മാലദ്വീപും തമ്മിലുള്ള വളരെ അടുപ്പമുള്ള രാഷ്ട്രീയ ചർച്ചകളുടെ പാരമ്പര്യത്തെ അടിസ്ഥാനമാക്കിയായിരുന്നു ശ്രീ എം.ജെ അക്ബറിന്റെ സന്ദർശനം . പ്രധാനമന്ത്രി ശ്രീ മോദിയുടെ വ്യക്തിപരമായ ആശംസകൾ മന്ത്രി മാലദ്വീപ് പ്രസിഡണ്ടിനെ അറിയിച്ചു, അതോടൊപ്പം സ്ഥിരതയുള്ള, ജനാധിപത്യപരവും സമാധാനവും , പുരോഗതിയുമുള്ള ഒരു മാലദ്വീപിന് വേണ്ടിയുള്ള അവിടുത്തെ ജനതയുടെ അഭിലാഷങ്ങൾ പൂർത്തീകരിക്കുവാൻ എന്നും ഇന്ത്യ പിന്തുണ നൽകുമെന്നും ആവർത്തിച്ചു

ചർച്ചകളുടെ വേളയിൽ ഇരു ഭാഗവും ഉഭയകക്ഷി ബന്ധങ്ങൾ പൂർണമായും അവലോകനം ചെയ്യുകയും വിശാലമായ തലത്തിൽ പരസ്പരം പ്രയോജനകരമാകുന്ന സഹകരണം കൂടുതൽ ശക്തമാക്കുവാൻ വേണ്ടി പുതിയ വേഗതകൾ കൈവരിക്കാമെന്നും അവർ തീരുമാനിച്ചു . പ്രതിരോധം, സുരക്ഷാ, തീവ്രവാദത്തെ എതിർക്കൽ, മാലദ്വീപിലെ വിനോദസഞ്ചാര മേഖലയിൽ കരുത്തുള്ള നിക്ഷേപം ഉൾപ്പെടെയുള്ള സാമ്പത്തിക ബന്ധങ്ങൾ എന്നീ മേഖലകളിൽ കേന്ദ്രീകരിച്ചായിരുന്നു ചർച്ച . വികസന പങ്കാളിത്തം, കാര്യശേഷി

നിർമാണം, യുവജനം , സാംസ്ക്കാരിക വിനിമയം എന്നിവയും ചർച്ച ചെയ്യപ്പെട്ടു

ഇന്ത്യ എന്നും നൽകി വരുന്ന പിന്തുണയോടുള്ള തന്റെ അഭിനന്ദനം പ്രസിഡണ്ട് യാമീൻ അറിയിച്ചു, തങ്ങളുടെ ''ഇന്ത്യാ ഫസ്റ്റ്'' നയങ്ങളുമായി ചേർത്ത് കൊണ്ട് തന്റെ ഗവൺമെന്റ് ഇന്ത്യക്കു നൽകുന്ന ഉന്നത മുൻഗണനയെ അദ്ദേഹം ആവർത്തിച്ചു പറഞ്ഞു

ന്യൂഡെൽഹി
ഫെബ്രുവരി 22, 2017